കേസ്സ് ഉണ്ടായിരുന്നു. കഴിഞ്ഞ സഭയിൽ അങ്ങ് പറഞ്ഞത് മേല്പ്പറഞ്ഞ കേസ്സിന്റെ വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി കൈമാറാനുള്ള നടപടി കൈക്കൊള്ളുന്നതാണെന്നാണ്. ഈ വാട്ടർ സപ്ലൈ സ്കീമിന്റെ എല്ലാ പണികളും പൂർത്തിയായിരിക്കുകയാണ്. ഈ സ്ഥലം കിട്ടിയാൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കാൻ സാധിക്കും. അതിനാവശ്യമായ വില വാട്ടർ അതോറിറ്റി അടച്ചു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് ദയവായി ഇക്കാര്യത്തിൽ അങ്ങ് പ്രത്യേകമായ താല്പര്യമെടുത്ത് ഈ സ്ഥലം നൽകാനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : എല്ലാ തർക്കങ്ങളും തീർത്തു. സ്ഥലം കൊടുക്കാൻ പോവുകയാണ്. ഗോപികുമാർ എസ്റ്റേറ്റിലെ മിച്ചഭൂമിയിൽനിന്ന് 1.65 ഹെക്ടർ സ്ഥലം ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിനു വേണ്ടി വാട്ടർ അതോറിറ്റിക്ക് കൈമാറാൻ ഉത്തരവായതാണ്. എന്നാൽ പ്രസ്തുത മിച്ചഭൂമി സംബന്ധമായി ഭൂവുടമ ഫയൽ ചെയ്തിരുന്ന ഒരു കേസ്സ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്നു. ഈ കേസ്സിൽ ഹൈക്കോടതി സ്റ്റേ ഉത്തരവൊന്നും നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറണമെന്ന് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കഴിയുന്നതുംവേഗം സ്ഥലം കൈമാറ്റം ചെയ്ത് ഗവണ്മെന്റിനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(9) നീതിസ്റ്റോർ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : നമ്മുടെ സംസ്ഥാനത്തെ പൊതുവിതരണ രംഗത്ത് ക്രിയാത്മകമായിട്ടുള്ള ചലനമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞ നീതിസ്റ്റോറുകളിലെ സെയിൽസ്മാൻമാരുടെ സേവന-വേതന വ്യവസ്ഥകളുടെ അപാകതയും നിത്യജീവിതത്തിൽ അവർ അനുഭവിക്കുന്ന ദുരിതങ്ങളും ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തുടക്കത്തിൽ നീതിസ്റ്റോറിനു രണ്ടുപേർ എന്ന നിലയിൽ ആയിരത്തോളം വരുന്ന നീതിസ്റ്റോറുകളിൽ രണ്ടായിരത്തോളം ജീവനക്കാരെ നിയമിക്കുകയുണ്ടായി. തൊഴിൽരഹിതരായിട്ടുള്ള ചെറുപ്പക്കാരായതുകൊണ്ട് അവർ കമ്മിഷൻ വ്യവസ്ഥയിൽ ജോലി ചെയ്യാൻ മുന്നോട്ടുവന്നു. സംരംഭം തുടങ്ങി രണ്ടുവർഷമായെങ്കിലും ഈ കമ്മീഷൻ വ്യവസ്ഥയിൽനിന്ന് അവരെ മോചിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഏതാണ് 75 ശതമാനത്തോളം നീതിസ്റ്റോറുകളിലും കമ്മീഷൻ വ്യവസ്ഥയിലാണ് സെയിൽസ്മാൻമാർ ജോലി ചെയ്യുന്നത്. ബഹുഭൂരിപക്ഷം പേർക്കും പ്രതിമാസം 300 രൂപവരെയാണ് കിട്ടുന്നത്. ചിലപ്പോൾ അതുപോലും കിട്ടാറില്ല. സ്റ്റോക്ക് വെരിഫിക്കേഷൻ സമയമാകുമ്പോഴേക്കും അവരുടേതല്ലാത്ത കുറ്റംകൊണ്ട് പ്രതിഫലത്തുകയും അതിലധികവും തിരിച്ചടയ്ക്കേണ്ട സ്ഥിതിയുമുണ്ട്. ഷോർട്ടേജ് എന്ന കടക്കെണി നീതിസ്റ്റോറിലെ അൽപ്പവരുമാനക്കാരന്റെ കഴുത്തൊടിക്കുകയാണ്. ഉന്നതവിദ്യാഭ്യാസം ലഭിച്ചതാണ് ഇവരിൽ പലതും. ഈ ജോലിയിൽനിന്നു ലഭിക്കുന്ന വരുമാനം കൊണ്ട് കുടുംബം പുലർത്താമെന്ന ആഗ്രഹത്തോടെ വിവാഹിതരായിട്ടുള്ള ആളുകൾപോലും ഇതിനകത്ത് ഉണ്ട്. അവരുടെ ജോലിസമയമാകട്ടെ രാവിലെ 8 മണി മുതൽ രാത്രി എട്ടു മണിവരെയാണ്. വിശ്രമമില്ലാതെ ജോലി ചെയ്യുന്നവരാണ്. ഗാർഹികവും സാമൂഹികവുമായിട്ടുള്ള ബന്ധങ്ങൾവരെ അവർക്ക് ഉപേക്ഷിക്കേണ്ടിവരികയാണ്. ഈ നീതിസ്റ്റോറിൽ പണിയെടുക്കുന്ന ജീവനക്കാരുടെ മാനസികമായ പ്രശ്നം ഗവണ്മെന്റ് ഗൗരവത്തോടുകൂടി പരിഗണിക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടായിരത്തോളം വരുന്ന കുടുംബങ്ങൾ രക്ഷപ്പെടുന്ന വിഷയമാണ്. ഇക്കാര്യത്തിൽ അനുകൂലമായിട്ടുള്ള ഒരു മറുപടി ഞാൻ പ്രതീക്ഷിക്കുകയാണ്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം പൊതുമാർക്കറ്റിലുള്ളത് നിയന്ത്രിക്കണമെന്ന ഉദ്ദേശത്തോടുകൂടിയും സാധാരണക്കാർക്ക് മിതമായ വിലയ്ക്ക് നിലവാരമുള്ള നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യണമെന്നുമുള്ള ലക്ഷ്യത്തോടുകൂടിയുമാണ് 1997 ജൂലൈ 1-ാം തീയതി മുതൽ നീതി സ്റ്റോറുകൾ ആരംഭിച്ചത്. സംസ്ഥാനത്ത് 1030 നീതിസ്റ്റോറുകൾ അനുവദിച്ചു. അതിൽ 1010 എണ്ണം പ്രവർത്തനം തുടങ്ങി. ഇപ്പോൾ 74 എണ്ണം പ്രവർത്തനരഹിതമാണ്. സംസ്ഥാനത്തെ നീതിസ്റ്റോറുകളിൽ ലഭ്യമായ കണക്കനുസരിച്ച് 886 ജീവനക്കാർ കൂടാതെ സംഘങ്ങളുടെ റെഗുലർ സർവ്വീസിലുണ്ടായിരുന്ന 305 പേരെ അതാത് സംഘങ്ങൾ അവരുടെ നീതിസ്റ്റോറുകളിൽ മാറ്റി നിയമിക്കുകയും ചെയ്തിട്ടുണ്ട്. വിൽപ്പനയുടെ ഒരു ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ നിയമനം നടത്തണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഒരു ശതമാനം കമ്മീഷൻ വ്യവസ്ഥയിൽ കൂടുതൽ കച്ചവടമുള്ളിടത്ത് ഏറിയാൽ രണ്ട് എന്ന കണക്കിൽ നിയമനം നടത്താൻ നിർദ്ദേശിച്ചിരുന്നു. കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന നീതിസ്റ്റോറുകളിലെ ജീവനക്കാർക്ക് ലഭിക്കുന്ന വേതനം കുറവായിരുന്നതിനാൽ കൺസ്യൂമർ ഫെഡറേഷൻ നീതിസ്റ്റോറുകൾക്ക് നൽകുന്ന 4 ശതമാനം കമ്മീഷൻ അതാത് സംഘം ഭരണസമിതിയുടെ തീരുമാനപ്രകാരം വിനിയോഗിക്കുന്നതിനും സെയിൽസ്മാന്റെ കമ്മീഷൻ ഒരു ശതമാനമെന്ന് നിശ്ചയിച്ചിട്ടുള്ളത് പുതുക്കി നിശ്ചയിക്കുന്നതിനും ഭരണസമിതിക്ക് അധികാരം നൽകിയിട്ടുണ്ട്. അതാത് സംഘം ഭരണസമിതിയാണ് ഈ നിയമനങ്ങൾ നടത്തിയിട്ടുള്ളത്. ലോക്കൽ വിൽപ്പന സാദ്ധ്യത കണക്കിലെടുത്ത് ജോലിസമയം അതാത് സംഘം ഭരണസമിതികളാണ് നിശ്ചയിച്ചിട്ടുള്ളത്. പൊതുവായി പ്രവർത്തനസമയം നിശ്ചയിച്ചിട്ടില്ല. ജീവനക്കാർക്ക് അവധി നിഷേധിച്ചിട്ടുള്ളതായി അറിവില്ല. സ്റ്റോക്ക് എടുപ്പ് സമയത്ത് വൻതുകകൾ പിഴയായി കൊടുക്കേണ്ടിവരുന്നുവെന്ന് പറയുന്നത് ശരിയായി തോന്നുന്നില്ല. സ്റ്റോക്ക് എടുക്കുമ്പോൾ കുറവ് കാണുന്ന സ്റ്റോക്കിന്റെ വിലയാണ് അടയ്ക്കേണ്ടിവരുന്നത്. ഇതിൽനിന്നും അവരെ ഒഴിവാക്കാൻ കഴിയുന്നതല്ല. കൺസ്യൂമർ ഫെഡറേഷൻ ഗോഡൗണുകളിൽനിന്നും കൃത്യമായി സാധനം വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള സാധനങ്ങൾക്ക് നിശ്ചിതസമയത്തുതന്നെ സ്റ്റോറിൽ ഇൻഡെന്റ് നൽകിയാൽ ഈ കാര്യത്തിലെ കാലതാമസം ഒഴിവാക്കാവുന്നതാണ്. കാലാവധി കഴിഞ്ഞ സാധനങ്ങൾ വിതരണം നടത്താതിരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യവ്യാപാരികളുമായി നീതിസ്റ്റോറുകൾ കടുത്ത മൽസരം നേരിടേണ്ടിവരുന്നുവെന്നുള്ളത് ശരിയാണ്. എല്ലാ വ്യഞ്ജനങ്ങളും നീതിസ്റ്റോറുകളിൽക്കൂടി വിതരണം നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. അതാത് സംഘങ്ങളാണ് ആവശ്യമനുസരിച്ച് ഇന്റന്റ് നൽകി സാധനങ്ങൾ സംഭരിക്കേണ്ടത്. ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉൽസവകാലയളവിൽ, വിശേഷാൽ സന്ദർഭങ്ങളിൽ സർക്കാർ സബ്സിഡിയോടൊപ്പം കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ വിൽപ്പന നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly